കായ്ഫലം എത്താത്തതുമായ 22 ലക്ഷത്തോളം തെങ്ങുകൾ മുറിച്ചു മാറ്റുവാനും പകരം 29.555 ലക്ഷം തൈകൾ സൗജന്യമായി വിതരണം ചെയ്യാനും ഉദ്ദേശിക്കുന്നു. പദ്ധതി പ്രദേശങ്ങളിൽ തെങ്ങിൻതോപ്പുകളിൽ സംയോജിത തെങ്ങു കൃഷി പരിപാലനം നടപ്പിലാക്കുന്നതാണ്. ജൈവവളത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ശാസ്ത്രീയ വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവയ്ക്കായി തെങ്ങൊന്നിന് 125 രൂപ ചെലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഒരു വർഷം ഹെക്ടർ ഒന്നിന് 21875 രൂപ ചെലവു വരുന്നതിൽ 2596 രൂപ സബ്സിഡിയായും 17500 രൂപ ബാങ്കു വായ്പയായും ബാക്കി 1778 രൂപ കർഷകന്റെ സ്വന്തം ചെലവായും കണക്കാക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ജലസേചനം ഉറപ്പുവരുത്തുന്നതിന് കിണർ കുഴിച്ചു പമ്പു സെറ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 30,000 രൂപ ചെലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിൽ 20% സബ്സിഡിയായും 70% ബാങ്കുവായ്പയായും കർഷകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി 7 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കാറ്റുവീഴ്ച രോഗം ബാധിച്ച കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ 357 പഞ്ചായത്തുകളിലുള്ള എല്ലാ തെങ്ങുകൃഷിക്കാർക്കും ആനുകൂല്യം ലഭ്യമാകത്തക്ക വിധത്തിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. എല്ലാ തെങ്ങു കൃഷിക്കാർക്കും ആനുകൂല്യം ലഭിക്കുന്നതിനാൽ പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(സി) മുറിച്ചുമാറ്റുന്ന തെങ്ങുകൾക്ക് പകരം രോഗപ്രതിരോധശേഷിയും ഉൽപ്പാദനക്ഷമതയുമുള്ള തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുക, തെങ്ങിൻ തോപ്പുകളിൽ സംയോജിത വളപ്രയോഗം, രോഗകീട നിയന്ത്രണം ഉൾപ്പെടെ ശാസ്ത്രീയ വിളപരിപാലനം ഏർപ്പെടുത്തുക, തോട്ടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുക, രോഗനിർണ്ണയത്തിനായി സീറോളജിക്കൽ ലാബുകൾ സ്ഥാപിക്കുക എന്നീ ഘടകങ്ങളാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജലപാത നിർമ്മിച്ച് വിനോദസഞ്ചാരം വികസിപ്പിക്കുന്നതിനുള്ള നടപടി

*29 [76] *ശ്രീ. സി. മമ്മൂട്ടി:*

,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേഅറ്റം വരെ ജലപാത നിർമ്മിച്ച് ജലഗതാഗത സൗകര്യം വർദ്ധിപ്പിച്ച് വിനോദസഞ്ചാരം വികസിപ്പിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ആരംഭിച്ചുവോ?

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*:

(എ) & (ബി) സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേഅറ്റം വരെ ജലപാത നിർമ്മിക്കുന്ന കാര്യം ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. എന്നാൽ കേന്ദ്ര ഇൻലന്റ് വാട്ടർ വെയിസ് അതോറിറ്റിയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ടി ജലപാതയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. ഈ ജലപാത നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുന്നതോടൊപ്പം വിനോദസഞ്ചാര വികസന സാദ്ധ്യതകളും വർദ്ധിക്കുന്നതാണ്. ജലപാതയിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്രാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നെൽക്കൃഷി രംഗത്ത് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ നടപടി

*30 [77] *ശ്രീ. കെ. സി. ജോസഫ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നെൽക്കൃഷി രംഗത്ത് ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) നെല്ലിന്റെ ഉൽപ്പാനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരികയും തദ്വാരാ നെല്ലുൽപ്പാദനം കുറഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടെങ്കിലും ഉൽപ്പാദനക്ഷമത 1985-ൽ 1.729 ടണ്ണായിരുന്നത് 2003-ൽ 2.218 ടണ്ണായി ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നെല്ലുൽപ്പാദനം കുറയുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. മറ്റു വിളകളുമായി താരതമ്യം ചെയ്യുമ്പോൾ നെൽകൃഷിയിൽനിന്നുള്ള കുറഞ്ഞ വരുമാനം.
2. തൊഴിലാളികളുടെ ലഭ്യതക്കുറവ്
3. അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം
4. നെൽപാടങ്ങൾ നികത്തി വിൽക്കുമ്പോൾ കൂടുതൽ വില ലഭിക്കുന്നു.
5. വിളവെടുപ്പു സമയത്തുണ്ടാകുന്ന നെല്ലിന്റെ വിലയിടിവ്
6. ഉൽപ്പാദന ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ്

LIBRARY ARCHIVES Kerala Legislative Assembly